# കേരള കാർഷിക സർവ്വകലാശാല വാർത്തകൾ

(മാർച്ച് 08 – 14 , 2019)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651)
E-mail: ccmannuthy@kau.in, Phone:0487-2370773)

No. C3/4/2019 – 11 Dt. 07 .03.2019

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

പുഞ്ചകൃഷിയുളള നെൽപാടങ്ങളിൽ തണ്ടുതുരപ്പൻ, ഓലചുരുട്ടി എന്നിവയുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ ഒരേക്കറിന് 2 എണ്ണം എന്ന കണക്കിന് 20 കഷണങ്ങളാക്കി മുറിച്ച് 5 സെന്റിന് ഒന്ന് വീതം പാടത്ത് കെട്ടി വയ്ക്കുക. രണ്ടാഴ്ചയിലൊരിക്കൽ പുതിയ കാർഡുകൾ വെച്ച് നാലഞ്ച് പ്രാവശ്യം ആവർത്തിക്കുക. ഈ കാർഡ് കഷ്ണങ്ങൾ വരമ്പിനോട് ചേർത്ത് കെട്ടിവച്ചാലും മതി. പാടത്തിനകത്ത് വെക്കണമെന്നില്ല. ഇവ തണ്ടുതുരപ്പൻ/ ഓലചുരുട്ടി എന്നിവയുടെ മുട്ട കൂട്ടങ്ങൾ കണ്ടുപിടിച്ച് മുട്ടയിടുകയും അവയെ നശിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം നെല്ലിന് ദോഷം ചെയ്യുന്ന തണ്ടുതുരപ്പൻ/ഓലചുരുട്ടി എന്നിവയുടെ പുഴുക്കൾ ഉണ്ടാകുകയില്ല. ഏതാണ്ട് രണ്ടുമാസം പ്രായമായ ഇടത്തരം മൂപ്പുളള നെല്ലിനങ്ങൾക്ക് ഏക്കറിന് 20 കിലോഗ്രാം യൂറിയയും 15 കിലോഗ്രാം പൊട്ടാഷും നൽകാവുന്നതാണ്.

ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം വരാതിരിക്കാനായി സ്യൂഡോമോണസ് ഫ്ളൂറസൻസ് എന്ന ബാക്ടീരിയപ്പൊടി ഒരു കിലോഗ്രാം, 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ മണലുമായി ചേർത്ത് മണ്ണിൽ ഇട്ടുകൊടുത്താൽ മതിയാകും. 20 ഗ്രാം പൊടി ഒരു ലിറ്റർ വെളളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതുമാണ്.

തെങ്ങിന് നന തുടരാം. വിത്തുതേങ്ങാ സംഭരണവും ഈ മാസത്തിൽ തുടരാ. വിളഞ്ഞ് പാകമായ നാളികേരം മാത്രമേ വിത്തിനായി ഉപയോഗിക്കാവൂ. തെങ്ങിന്റെ ചുവട്ടിലെ മണ്ണ് ഉറച്ചതാണെങ്കിൽ വിത്തുതേങ്ങ കുലയോടെ വെട്ടിവീഴ്ത്തരുത്. നാളികേരക്കുല ബലമുള്ള കയറിൽ കെട്ടിയിറക്കണം. ഓരോ കുലയിലേയും ലക്ഷണമൊത്ത തേങ്ങ തിരഞ്ഞെടുത്ത് ഒരു മാസം തണലിൽ സൂക്ഷിച്ചതിന് ശേഷം മാത്രമേ നടാവൂ. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടുമൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5–7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും

കവുങ്ങിന് നന തുടരണം. ഇടവിള കൃഷിയിലൂടെ കവുങ്ങിൻ തോട്ടം കൂടുതൽ ആദായകരമാക്കാം. ജാതി, വാഴ, തീറ്റപ്പുല്ല്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഔഷധ ചെടികൾ എന്നിവ ഇടവിളകൃഷിക്ക് യോജിച്ചവയാണ്. പ്രധാന വിളക്കൊപ്പം ഇടവിളകൾക്കും വളവും വെള്ളവും നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.

വിഷുവിപണിയ്ക്കുവേണ്ടിയുള്ള കണിവെള്ളരി നടേണ്ട സമയമാണിത്. കാർഷിക സർവ്വകലാശാലയുടെ മുടിക്കോട് ലോക്കൽ ആണ് യോജിച്ച ഇനം. പാവൽ, പടവലം എന്നിവയിലെ കായീച്ചകളെ നിയന്ത്രിക്കുന്നതിന് കായീച്ച ക്കെണി ഫലപ്രദമാണ്. ചെടികൾ പൂത്തു തുടങ്ങുമ്പോൾ മുതൽ കെണി വയ്ക്കേണ്ടതാണ്. ഒരു കെണി ഉപയോഗിച്ച് 3 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻ കോടൻ പഴം/ തുള സിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടക്കെണികളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ തോട്ടത്തിന് 5 അല്ലെങ്കിൽ 25 സെന്റിന് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേ ണ്ടതാണ്. കായീച്ചക്കെണി മണ്ണുത്തിയിലെ വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. ഫോൺ:0487-2370540

വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. ഓണവാഴക്ക് നന തുടരണം. തടതുരപ്പന്റെ ആക്രമണത്തിനെതിരെ മുൻ കരുതലുകൾ ആയി വാഴത്തടയിൽ ചെളി പുരട്ടലോ, വേപ്പെണ്ണ സോപ്പ് മിശ്രിത പ്രയോഗമോ അനുവർത്തിക്കുക. വാഴയുടെ കായചീ യൽ ജലസേചനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിലൂടെ പകരുന്നതിനാൽ ബ്ലീച്ചിങ്ങ് പൗഡർ വലിയ കിഴികളാക്കി വെള്ളം തോട്ടത്തിലേക്ക് കടക്കുന്ന ഭാഗത്ത് വെയ്ക്കുക. ഇത് വെള്ളത്തിലുള്ള ബാക്ടീരിയയെ നശിപ്പിക്കും. കൂടാതെ കോപ്പർ ഓക്സി ക്ലോറൈഡ് പൊടി 1 ലിറ്റർ വെള്ളത്തിൽ 4 ഗ്രാം എന്ന കണക്കിൽ ലയിപ്പിച്ച് ലായിനി വാഴയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നതും നല്ലതാണ്.

പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. പത്ത് ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക. ചേന, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗ വിളകൾ ഇപ്പോൾ നടാവുന്നതാ ണ്. വേനൽ മഴയോടെയാണ് ഇവ നടേണ്ടത്. ശ്രീകീർത്തി, ശ്രീരൂപ എന്നിവ അത്യുല്പാദന ശേഷിയുള്ള കാച്ചിൽ ഇനങ്ങളാണ്.

വിളകളിലെ കീടനിയന്ത്രണത്തിന് കഴിവതും ജൈവകീടനാശിനികൾ ഉപ യോഗിക്കുവാൻ ശ്രദ്ധിക്കണം. ജൈവ കീടനാശിനികൾ തയ്യാറാക്കി അന്നുതന്നെ ഉപയോഗിക്കുമ്പോഴാണ് പൂർണ്ണമായ ഫലം കിട്ടുന്നത്. ജൈവകീടനാശിനികൾ ഏത് അനുപാതത്തിൽ തയ്യാറാക്കണമെന്ന ശുപാർശയാണ് സാധാരണ നൽകാറുള്ളത്. ഇത് അടിസ്ഥാനമാക്കി ഓരോ ദിവസവും ആവശ്യമുള്ള അളവ് മാത്രം തയ്യാറാക്കു ക. ഉദാഹരണത്തിന് 5 ലിറ്റർ പുകയിലക്കഷായം തയ്യാറാക്കുന്നതിന് 500 ഗ്രാം പുകയിലയും 120 ഗ്രാം ബാർസോപ്പും ആവശ്യമാണ്. ഇതേ ലായനി 100 മി.ലി തയ്യാ റാക്കാൻ 11 ഗ്രാം പുകയിലയും, 3 ഗ്രാം ബാർ സോപ്പും മതിയാകും. ഇപ്രകാരം

തയ്യാറാക്കുന്ന മിശ്രിതം 6–7 ഇരട്ടി വെള്ളം ചേർത്ത് വേണം തളിക്കാൻ. വേപ്പെണ്ണ- വെളുത്തുള്ളി -സോപ്പ് മിശ്രിതവും പുകയിലക്കഷായവും (പുകയില സോപ്പ് ചേർത്ത മിശ്രിതം) തയ്യാറാക്കിയ ഉടൻ തന്നെ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണമായ കല്പധേനു എന്ന ത്രൈമാസികയുടെ വരിക്കാരാകാൻ താൽപര്യമുള്ളവർ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററുമായി ബന്ധപ്പെടുക. വരിസംഖ്യാനിരക്ക്:- വാർഷികം 125/-അഞ്ചുവർഷം: 500/രൂപ. ഫോൺ: **04872370773, 9447789728.**
2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ചാലക്കുടിയിലെ കൂടപ്പുഴയിൽ പ്രവർത്തിക്കുന്ന അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ 105 ദിവസം മൂപ്പുള്ള മട്ടത്രിവേണി നെൽവിത്ത് 40/- രൂപ കി.ഗ്രാം നിരക്കിൽ 15 ടൺ വിൽപ്പനക്ക്. ഫോൺ നമ്പർ - **0480 – 2702116, 9074403449.**
3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സസ്യപ്രജനന മാർഗ്ഗങ്ങളായ 'ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ് ' എന്നീ വിഷയങ്ങളിൽ ത്രിദിന പരിശീലന പരിപാടി നടത്തുന്നു. 1500/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2019 മാർച്ച് 12, 13, 14 തിയ്യതികളിൽ കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ : **0487 – 2370773**

ഒപ്പ്

പ്രൊഫസർ & ഹെഡ്